444/2012
29-11-2012

# ഇടയലേഖനം-120

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

വിശ്വാസവർഷത്തിന്റെ ഉദ്ഘാടനം നമ്മൾ വേണ്ടവിധം നടത്തിക്കഴിഞ്ഞു. തുടർന്നുള്ള മാസങ്ങളിൽ വ്യക്തിപരമായും സമൂഹമായും "കർത്താവേ ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ" (ലൂക്കാ 17:5) എന്ന് തീക്ഷ്ണമായി പ്രാർത്ഥിക്കണം. ഇതോടനുബന്ധിച്ച് നൽകുന്ന പ്രാർത്ഥന കുർബാനയിലെ കാറോസൂസായിൽ ഉൾപ്പെടുത്തി അനുദിനം ചൊല്ലണം. നമ്മുടെ കത്തോലിക്കാവിശ്വാസത്തെപ്പറ്റിയുള്ള അറിവിൽ ആഴപ്പെടുവാനും വിശ്വാസം ജീവിക്കുവാനും അതിന് സാക്ഷ്യം വഹിക്കുവാനും നാം ഓരോരുത്തരും ആത്മാർത്ഥമായി പരിശ്രമിക്കണം.

"ഞാൻ വിശ്വസിക്കുന്നു" അല്ലെങ്കിൽ "ഞങ്ങൾ വിശ്വസിക്കുന്നു" എന്നുപറഞ്ഞുകൊണ്ടാണ് വിശ്വാസപ്രമാണം നാം ആരംഭിക്കുന്നത്. വിശ്വാസപ്രമാണത്തിൽ നാം ഏറ്റുപറയുന്നതും ആരാധനക്രമത്തിൽ ആഘോഷിക്കുന്നതും സഭയുടെ വിശ്വാസമാണ്. ഈ വിശ്വാസമാണ് നാം ജീവിക്കേണ്ടത്. ദൈവകല്പ്പനകളുടെ അനുസരണവും പ്രാർത്ഥനയും വഴിയാണ് നാം അതുചെയ്യേണ്ടത്. പഴയനിയമത്തിൽ മോശയിലൂടെയും പ്രവാചകന്മാരിലൂടെയും പുതിയ നിയമത്തിൽ യേശുക്രിസ്തുവിലൂടെയും സ്വയം വെളിപ്പെടുത്തിയ ദൈവത്തെയും അവിടുത്തെ രക്ഷാകരപദ്ധതിയിലെ പ്രധാനസംഭവങ്ങളെയുമാണ് നാം വിശ്വാസപ്രമാണത്തിൽ ഏറ്റുപറയുന്നത്.

യേശുവിന്റെ മരണത്തിനും ഉത്ഥാനത്തിനും സാക്ഷികളായ അപ്പസ്തോലന്മാർ അവർ കാണുകയും കേൾക്കുകയും അനുഭവിച്ചറിയുകയും ചെയ്തതിനെപ്പറ്റി സാക്ഷ്യം നൽകി (നടപടി 2:14-36; 1 യോഹ 1: 1-3). ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തകാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്ക് സാധ്യമല്ല (നടപടി 4:20) എന്നതായിരുന്നു അവരുടെ ഉറച്ചനിലപാട്. യേശുവിൽ വിശ്വസിച്ചവർ അവിടുത്തെ കർത്താവും ദൈവവുമായി ഏറ്റുപറയുകയും അവിടുത്തെ നാമത്തിൽ മാമോദീസാ സ്വീകരിക്കുകയും ചെയ്തു. അവർ അപ്പസ്തോലന്മാരുടെ പ്രബോധനത്തിലും അപ്പം മുറിക്കലിലും പ്രാർത്ഥനയിലും കൂട്ടായ്മയിലും (നടപടി 2:42) ജീവിച്ചതും ഈ വിശ്വാസജീവിതത്തിന്റെ ഭാഗമായിരുന്നു.





എന്നാൽ അപ്പസ്തോലന്മാരുടെ കാലത്തുതന്നെ അവർ പ്രഘോഷിച്ചതിൽനിന്നും വ്യത്യസ്തമായി ചിലർ പ്രഘോഷിച്ചുതുടങ്ങി. ഞങ്ങൾ നിങ്ങളോടു പ്രസംഗിച്ചതിൽനിന്നും വ്യത്യസ്തമായൊരു സുവിശേഷം ഞങ്ങൾത്തന്നെയോ സ്വർഗ്ഗത്തിൽനിന്നു ഒരു ദൂതൻതന്നെയോ നിങ്ങളോടു പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ (ഗലാ 1:8) എന്ന് പൗലോസ്ശ്ലീഹാ പറയാനുണ്ടായ സാഹചര്യം അതാണ്. വ്യാജ പ്രവാചകന്മാർക്കെതിരെ മുന്നറിയിപ്പ് നൽകുകമാത്രമല്ല അപ്പസ്തോലന്മാർ ചെയ്തത്, സത്യവിശ്വാസത്തിന്റെ ഉള്ളടക്കം വിശ്വാസപ്രമാണത്തിന്റെ രൂപത്തിൽ രേഖപ്പെടുത്താൻ വേണ്ട നടപടിയും അവർ സ്വീകരിച്ചു. അതിന്റെ ഫലമായി സത്യവിശ്വാസപ്രമാണ സംഹിതകൾ രൂപംകൊണ്ടു. അവ ആരാധനക്രമത്തിൽ ഉപയോഗത്തിലുമായി. ഫിലിപ്പിയർക്കുള്ള ലേഖനം അദ്ധ്യായം 2, 6 മുതൽ 11 വരെയുള്ള ഭാഗം അപ്രകാരമുള്ള വിശ്വാസപ്രമാണ സംഹിതയാണ്.

വിശുദ്ധ ഗ്രന്ഥത്തിന് പുറമെ ക്രൈസ്തവവിശ്വാസത്തിന്റെ ഉള്ളടക്കം അവതരിപ്പിക്കുന്ന ഏറ്റം പുരാതനമായ വിശ്വാസപ്രമാണമാണ് രണ്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ രൂപപ്പെട്ട ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം. അബദ്ധ സിദ്ധാന്തങ്ങൾ പിൽക്കാലത്തും പൊന്തിവന്നുകൊണ്ടിരുന്നു. അവയെ സഭ ഖണ്ഡിക്കുകയും സത്യവിശ്വാസത്തെ സംബന്ധിച്ചുള്ള മാർഗ്ഗദർശനം വിശ്വാസികൾക്ക് നൽകുകയും ചെയ്തുപോന്നു. ശ്ലീഹന്മാരുടെ വിശ്വാസപ്രമാണത്തിലെ ചിലഭാഗങ്ങളെപ്പറ്റി കൂടുതൽ വ്യാഖ്യാനങ്ങൾ നൽകുവാനും സഭ ഈ അവസരം പ്രയോജനപ്പെടുത്തി. അതിന്റെയെല്ലാം ഫലമായിട്ടാണ് നിഖ്യാ വിശ്വാസപ്രമാണം രൂപപ്പെട്ടത്. 325ൽ കൂടിയ നിഖ്യാ സൂനഹദോസാണ് അതിന് അന്തിമരൂപം നൽകിയത്. പൗരസ്ത്യസഭകളും പൊതുവായി അംഗീകരിക്കുന്ന ഈ വിശ്വാസപ്രമാണമാണ് ഇപ്പോൾ കുർബാനയിലും മറ്റു അവസരങ്ങളിലും നാം ഏറ്റുചൊല്ലുന്നത്.

സത്യവിശ്വാസത്തിന്റെ ഉറവിടങ്ങൾ വി. ലിഖിതവും പാരമ്പര്യവുമാണ്. അവ വ്യഖ്യാനിക്കുവാനും പഠിപ്പിക്കുവാനുമുള്ള അധികാരവും അവകാശവും സഭയ്ക്കുള്ളതാണ്. സത്യവിശ്വാസത്തിനെ

തിരായ പ്രബോധനങ്ങൾ നൽകുന്നവർ ഇന്നുമുണ്ട്. പല സെക്ടുകളായി അവർ രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. കത്തോലിക്കാസഭയ്ക്ക് സെക്ടുകളോടും ഇതര സഭകളോടുമുള്ള സമീപനം വ്യത്യസ്തമാണ്. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇക്കാര്യം സ്പഷ്ടമാക്കുന്നുണ്ട്. മാമോദീസാ സ്വീകരിച്ച സകല ക്രൈസ്തവരെയും കർത്താവിൽ സഹോദരി സഹോദരന്മാരായി രണ്ടാം വത്തിക്കാൻ കൗൺസിൽ അഭിസംബോധനചെയ്യുന്നുണ്ടെങ്കിലും സെക്ടുകളെയും കപട ആത്മീയ പ്രസ്ഥാനങ്ങളെയും ക്രൈസ്തവസമൂഹങ്ങളായി കരുതാനോ അവയുമായി സഭയ്ക്ക് സംഭാഷണങ്ങളിൽ ഏർപ്പെടാനോ സാധിക്കുകയില്ല. സഭൈക്യശ്രമങ്ങളിൽ സകല ക്രൈസ്തവസമൂഹങ്ങൾക്കും ഭീഷണിയാണ് സെക്ടുകളെന്നും പാപ്പ നിരീക്ഷിക്കുന്നുണ്ട്. തൻമൂലം സഹവർത്തിക്കേണ്ട സഹോദരസമൂഹമായി സെക്ടുകളെ കരുതാനാവില്ല. അവരുമായി ആശയസംഘർഷമല്ല, സത്യവിശ്വാസത്തിൽനിന്ന് അകന്ന് കൂട്ടം തെറ്റിപ്പോയ അവരെ തിരിച്ചുകൊണ്ടുവരികയെന്നതാണ് സഭയുടെ ദൗത്യം.

ആദ്ധ്യാത്മിക മേഖലയിൽ അടുത്തകാലത്ത് ആരംഭിച്ച സെക്ടുകളിൽ കാണുന്ന സവിശേഷതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

i. ലിഖിതവചനമായ ബൈബിളിന്റെ അക്ഷരാർത്ഥത്തിലുള്ള വ്യാഖ്യാനവും അലിഖിതവെളിപാടായ വിശുദ്ധ പാരമ്പര്യങ്ങളോടുള്ള സന്ധിയില്ലാത്ത എതിർപ്പും സെക്ടുകളുടെ പൊതുസ്വഭാവമാണ്. ബൈബിളിലെ ചില വിവരണങ്ങളെ മാത്രം സാഹചര്യത്തിൽനിന്നും അതിന്റെ പ്രതീകാത്മ അർത്ഥത്തിൽനിന്നും അടർത്തിയെടുത്ത് നിക്ഷിപ്ത താല്പര്യത്തോടെ വ്യാഖ്യാനിക്കുക സെക്ടുകളുടെ തനത് സ്വഭാവമാണ്. തങ്ങളുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായ വചനഭാഗങ്ങളെ തിരസ്ക്കരിക്കാനാണ് പൊതുവെ ഇക്കൂട്ടർ താല്പര്യപ്പെടുന്നത്.

ii. തങ്ങളുടെ വരുതിയിലായ വ്യക്തികളെ സാമൂഹികസമ്പർക്കത്തിൽനിന്നും സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും അകറ്റിനിർത്താൻ ബോധപൂർവ്വം അവർ ശ്രമിക്കുന്നു. വിശേഷിച്ചും മാതൃസഭയിലെ അംഗങ്ങളുമായുള്ള ബന്ധം ഒഴിവാക്കാനും അവരുമായി സമ്പർക്കത്തിനുള്ള സകലസാധ്യതകളും അടച്ചുകളയാനും സെക്ടുകളുടെ നേതൃത്വം ബോധപൂർവ്വം പരിശ്രമിക്കുന്നു. ഉദാഹരണമായി എമ്മാനുവേൽ എംപറർ ട്രസ്റ്റിന്റെ ധ്യാനത്തിൽ പങ്കെടുക്കുന്നവരെകൊണ്ട് കത്തോലിക്കാസഭയുമായുള്ള ബന്ധം വിച്ഛേദിച്ചതിന്റെ സാക്ഷ്യപത്രം ഒപ്പിട്ടുമേടിക്കുകയും അതിന്റെ ഓരോ





കോപ്പി ബന്ധപ്പെട്ട രൂപതാദ്ധ്യക്ഷന് അയച്ചുകൊടുക്കുകയും ചെയ്തുവരുന്നു. സാമൂഹികബന്ധങ്ങൾ ഒഴിവാക്കുന്നതിനായി പാട്ട്, ഡാൻസ്, സിനിമ, സ്പോർട്സ് തുടങ്ങിയവയെല്ലാം പാപമാണെന്ന് ഇക്കൂട്ടർ പ്രചരിപ്പിക്കുന്നു. തങ്ങളുടെ വിശ്വാസ സംഹിത അംഗീകരിക്കാത്ത കുടുംബങ്ങളെ ശത്രുതയോടെ വീക്ഷിക്കാൻ പോലും ഇവർ പ്രേരണനൽകുന്നു.

iii. സഭാനേതൃത്വത്തെ അടച്ചാക്ഷേപിക്കുകയും ദൈവമല്ലാതെ മറ്റൊരുനേതാവില്ലായെന്ന് പ്രബോധനങ്ങൾ നൽകുകയും ചെയ്യുന്നവരാണിവർ. എന്നാൽ, വ്യവസ്ഥാപിത സഭാനേതൃത്വത്തെ എതിർക്കാൻ പഠിപ്പിക്കുന്ന സെക്ടുകളുടെ നേതാവ് പലപ്പോഴും അണികളുടെമേൽ സർവ്വാധിപത്യം പുലർത്തുന്നു എന്നതാണ് വൈരുദ്ധ്യം. സമ്പത്ത് എന്തുചെയ്യണം, ഏത് ബിസിനസ്സ് തുടങ്ങണം, ആരെ വിവാഹം കഴിക്കണം, എപ്പോൾ വിവാഹം കഴിക്കണം, എവിടെ എപ്പോൾ വീടുപണിയണം തുടങ്ങിയ സകലകാര്യങ്ങളിലും നിർബന്ധ കല്പ്പനകൾ നൽകുന്നതിൽ സെക്ടുകളുടെ നേതാക്കന്മാർ അതീവ തല്പ്പരരാണ്. അനുയായികളുടെ സമ്പത്തിൽ നല്ലൊരുപങ്ക് ദശാംശം എന്നപേരിൽ നേതൃത്വം കൈക്കലാക്കുകയും ചെയ്യുന്നു.

iv. തങ്ങളുടെ പ്രബോധനങ്ങളോട് ഒത്തുപോകാത്ത സകലപ്രബോധനങ്ങളെയും ഇവർ പിശാചിന്റെ പ്രബോധനങ്ങളായാണ് അവതരിപ്പിക്കുന്നത്. തങ്ങൾ പറയുന്നതുമാത്രം ശരിയും മറ്റുള്ളവർ പറയുന്നതെല്ലാം തെറ്റും എന്നതാണ് ഇവരുടെ നയം. തങ്ങളുടെ പ്രബോധനം സ്വീകരിക്കാത്ത സകലരും നശിക്കും എന്നതാണ് ഇവരുടെ നിലപാട്. ഉദാഹരണമായി, എംപറർ എമ്മാനുവേൽ ട്രസ്റ്റിന്റെ പേടകത്തിൽ പ്രവേശിച്ചു ധ്യാനംകൂടുന്ന ആദ്യത്തെ 1,44,000 പേർ മാത്രമേ രക്ഷപ്രാപിക്കുകയുള്ളുവെന്ന് അവർ അവകാശപ്പെടുന്നു.

v. മനുഷ്യപ്രകൃതിയുമായി ബന്ധപ്പെട്ട സകലതിനെയും പാപമായി ചിത്രീകരിക്കുന്ന പ്രവണത സെക്ടുകളുടെ പൊതുസ്വഭാവമാണ്. മനുഷ്യനെന്നത് സമ്പൂർണ്ണപാപമാണെന്നും അവരിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഏതാനുംപേർ മാത്രമേ രക്ഷപ്പെടുകയുള്ളു എന്നും ഇവർ വാദിക്കുന്നു. മാനുഷികതയുടെ ഭാഗമായ ലൈംഗീകതയുമായി ബന്ധപ്പെട്ട് ഒട്ടനവധി അബദ്ധധാരണകൾ ഇവർ പ്രചരിപ്പിക്കുന്നു.

vi. സെക്ടുകളിലെ അംഗത്വം സമൂഹത്തിലെ വരേണ്യവർഗ്ഗത്തിലേക്കുള്ള പ്രവേശനമാർഗ്ഗമായി കരുതപ്പെടുന്നു. ചില ക്ലബുകളിലെ

അംഗത്വം സ്റ്റാറ്റസ് സിമ്പലുകൾ ആകുന്നതുപോലെ പല സെക്ടുകളും വരേണ്യവർഗ്ഗത്തിന്റെ സ്വൈര വിഹാര കേന്ദ്രങ്ങളായി മാറുന്നുണ്ട്. പല സെക്ടുകളും അവയുടെ ശ്രേഷ്ഠ അംഗത്വം സമ്പന്നർക്കും ഉന്നത ഉദ്യോഗസ്ഥർക്കുമായി സംവരണം ചെയ്തിട്ടുണ്ട്.

vii. വിഘടിത ഗ്രൂപ്പുകളിലെ അംഗങ്ങൾ സംഘാതമായ ഒരു മാനസിക ഘടന രൂപപ്പെടുത്തുന്നു എന്നത് ശ്രദ്ധേയമാണ്. വ്യക്തികൾ സ്വതന്ത്രമായി ചിന്തിക്കാതെ നേതാവിന്റെ ചിന്തയുടെ പ്രചാരകരായി മാറുന്നു എന്നതാണ് ഈ മാനസികഘടനയുടെ പ്രത്യേകത. സ്വതന്ത്രമായി ചിന്തിക്കാൻ അനുവാദമില്ലാത്ത അണികൾ നേതാവ് നൽകുന്ന പ്രബോധനങ്ങൾ അവ എത്രകണ്ട് യുക്തിരഹതിമാണെങ്കിലും അന്ധമായി വിശ്വസിച്ച് ഏറ്റുപറയുന്നു. ഉദാഹരണമായി, നരകം എന്നത് ഭൂമിക്കുള്ളിലെ കൊടുംചൂടുള്ള അഗ്നിതടാകമാണെന്നും അഗ്നിപർവ്വതം പൊട്ടുമ്പോൾ പുറത്തുവരുന്ന ലാവ നരകത്തിൽനിന്നുള്ള ഉഷ്ണപ്രവാഹമാണെന്നും പ്രസ്തുത ലാവകളിൽ ചാവാത്ത പുഴുക്കളെ കാണാനാവുമെന്നും എംപറർ എമ്മാനുവേൽ ട്രസ്റ്റ് പഠിപ്പിക്കുന്നു. അഗ്നിപർവ്വത തടാകത്തിൽ വെന്തുരുകുന്ന അനേക കോടി ആത്മാക്കളുടെ നിലവിളിപോലും റെക്കോർഡ് ചെയ്ത് കേൾപ്പിക്കാൻ ഈ പ്രസ്ഥാനത്തിന് കഴിയുമെന്ന് അവർ അവകാശപ്പെടുന്നു. പുതിയ പ്രസ്ഥാനത്തിൽ അംഗമാകുന്നതിനുമുമ്പ് തങ്ങൾ ചെയ്ത സകലകാര്യങ്ങളെക്കുറിച്ചും കുറ്റബോധം ജനിപ്പിച്ചും രോഗങ്ങൾ പാപംമുലമാണെന്ന് വ്യാഖ്യാനിച്ചു ഭീഷണിപ്പെടുത്തിയും നേതൃത്വം അണികളുടെ മേൽ ആധിപത്യം സ്ഥാപിക്കുന്നു.

ഇതുപോലുള്ള സെക്ടുകളിൽ പെടുന്നവരുടെ സ്ഥിതി ദയനീയമാണ്. അത് സംഭവിക്കാതിരിക്കണമെങ്കിൽ നമ്മുടെ സത്യവിശ്വാസം സംബന്ധിച്ചുള്ള ആഴമായ ബോധ്യങ്ങൾ നമുക്കുണ്ടാകണം. ഉപരിപ്ലവമായ വിശ്വാസജീവിതം നയിക്കുന്ന വളരെപ്പേർ ഉണ്ട്. ഏതാനും കർമ്മാനുഷ്ഠാനങ്ങൾ മുറതെറ്റാതെ ചെയ്തുപോകുന്നതാണ് വിശ്വാസജീവിതത്തിന്റെ കാതലെന്ന് അവർ തെറ്റിധരിക്കുന്നു. ഈശോ മിശിഹാ എന്ന വ്യക്തിയിലേക്കെത്താതെ ബാഹ്യമായ സംവിധാനങ്ങളിലും ക്രമങ്ങളിലും മാത്രം ശ്രദ്ധയൂന്നി ജീവിക്കുന്നവർ യഥാർത്ഥ വിശ്വാസജീവിതമല്ല നയിക്കുന്നത്. എതിർ സാക്ഷ്യം നൽകുന്നവരും കുറവല്ല. ഇവയൊക്കെ വിശ്വാസ പ്രതിസന്ധികളുടെ വിവിധരൂപങ്ങളാണ്. ലോകമെമ്പാടും വ്യത്യസ്തമായ തീവ്രതകളിൽ പ്രകടമാകുന്ന ഈ പ്രതിസന്ധി സെക്ടുകളുടെ ഉത്ഭവത്തിന് കാരണമായിട്ടുണ്ട്.





നമ്മുടെ സത്യവിശ്വാസത്തിൽ നമുക്ക് ഉറച്ചുനില്ക്കാം. "നമ്മുടെ ആദ്യവിശ്വാസത്തെ അവസാനം വരെ മുറുകെപ്പിടിക്കുമെങ്കിൽ മാത്രമെ നാം ക്രിസ്തുവിൽ പങ്കുകാരാവുകയുള്ളു" (ഹെബ്രാ. 3:14). വിശ്വാസപ്രമാണത്തിലൂടെ നമ്മുടെ വിശ്വാസം നമുക്ക് ബോധപൂർവ്വം ഏറ്റുപറയാം. നമ്മുടെ വിശ്വാസം വർദ്ധിപ്പിക്കണമേയെന്ന് നമുക്ക് പ്രാർത്ഥിക്കുകയും ചെയ്യാം. വിശ്വാസവർഷാചരണത്തിന്റെ ലക്ഷ്യം വ്യക്തികളുടെയും സമൂഹത്തിന്റെയും വിശ്വാസത്തിന്റെ ആഴപ്പെടലും സ്ഥിരീകരണവും യഥാർത്ഥ വിശ്വാസജീവിതവുമാണ്. അതിന് ഉപയുക്തമായ വിധത്തിലുള്ള കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വിശ്വാസവർഷാചരണം ഫലപ്രദമാക്കണമെന്ന് ഏവരെയും ഉദ്ബോധിപ്പിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം **2012 നവംബർ 4,11** എന്നീ ഞായറാഴ്ചകളിലൊന്നിൽ നമ്മുടെ രൂപത യിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.

## കുർബാനയിലെ കാറോസൂസായിൽ ചേർത്തുചൊല്ലേണ്ട പ്രാർത്ഥന

''നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു" എന്ന് ശിമയോൻ പത്രോസിനോട് അരുളിച്ചെയ്ത കർത്താവേ, വിശ്വാസം ക്ഷയിച്ചവരെ വിശ്വാസത്തിൽ ശക്തിപ്പെടുത്തണമെന്നും മാർത്തോമാ ശ്ലീഹാവഴി ഞങ്ങൾക്കു ലഭിച്ച സത്യവിശ്വാസത്തിൽ അവസാനം വരെ നിലനില്ക്കുവാനും അതിന് സാക്ഷ്യം വഹിക്കുവാനും ഞങ്ങളെ ശക്തരാക്കണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

# മാർപാപ്പായുടെ മാധ്യമദിനസന്ദേശം - 2012

## 46-ാമത് ലോകസമ്പർക്ക മാധ്യമദിനത്തോടനുബന്ധിച്ച്

## ബെനഡിക്റ്റ് 16-ാമൻ മാർപാപ്പാ നല്കുന്ന സന്ദേശം

### *നിശ്ശബ്ദതയും വാക്കും സുവിശേഷവത്കരണമാർഗം*

പ്രിയ സഹോദരീസഹോദരന്മാരേ,

1. രണ്ടായിരത്തിപന്ത്രണ്ടിലെ ലോക സമ്പർക്കദിനത്തിലേക്ക് അടുക്കുമ്പോൾ സമ്പർക്കത്തിലെ മാനുഷിക പ്രക്രിയയെന്ന വശത്തെക്കുറിച്ചു ചില ചിന്തകൾ പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആ പ്രക്രിയ വളരെ പ്രധാനപ്പെട്ടതാണെങ്കിലും ഇന്നു പലപ്പോഴും അത് അവഗണിക്കപ്പെടുന്നു. ഇക്കാലത്ത് അത് ഓർമ്മിക്കുക അത്യാവശ്യമാണെന്നു തോന്നുന്നു. നിശ്ശബ്ദതയും വാക്കും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച കാര്യമാണത്. ആശയവിനിമയത്തിലെ രണ്ടു വശങ്ങളാണവ. അവ സന്തുലിതാവസ്ഥയിലായിരിക്കണം. ജനങ്ങൾ തമ്മിൽ ആത്മാർത്ഥമായ സംവാദവും ദൃഢമായ അടുപ്പവും ഉണ്ടാകാൻ അവ മാറി മാറി വരുകയും പരസ്പരം ചേരുകയും വേണം. വാക്കും നിശ്ശബ്ദതയും പരസ്പരം ഒഴിവാക്കുമ്പോൾ സമ്പർക്കം തകരുന്നു. ആശയക്കുഴപ്പമുണ്ടാക്കുന്നതുകൊണ്ടായിരിക്കാം അങ്ങനെ സംഭവിക്കുന്നത്. അല്ലെങ്കിൽ തണുത്ത അന്തരീക്ഷം സൃഷ്ടിക്കുന്നതുകൊണ്ടായിരിക്കാം. എന്നാൽ അവ പരസ്പര പൂരകങ്ങളായിത്തീരുമ്പോൾ സമ്പർക്കത്തിനു വിലയും അർത്ഥവുമുണ്ടാകും.

2. ആശയവിനിമയത്തിലെ ഒരു മൗലികഘടകമാണ് നിശ്ശബ്ദത. അതിന്റെ അഭാവത്തിൽ ഉള്ളടക്കം കൊണ്ടു സമ്പന്നമായ വാക്കുകൾക്ക് നിലനില്ക്കാനാവുകയില്ല. കേൾക്കാനും നമ്മെത്തന്നെ മനസ്സിലാക്കാനും നമുക്കു കൂടുതൽ കഴിവു ലഭിക്കുന്നു; ആശയങ്ങൾ ഉരുത്തിരിയുകയും ആഴമുള്ളവയാകുകയും ചെയ്യുന്നു; നമുക്കു പറയാനുള്ളതെന്താണെന്നും മറ്റുള്ളവരിൽ നിന്ന് നാം പ്രതീക്ഷിക്കുന്നതെന്താണെന്നും നമുക്ക് കൂടുതൽ വ്യക്തമായി മനസ്സിലാകും, സ്വയം പ്രകാശിപ്പിക്കാനുള്ള മാർഗം നാം തിരഞ്ഞെടുക്കുകയും ചെയ്യുന്നു.

3. നിശ്ശബ്ദനായിരിക്കുമ്പോൾ സംസാരിക്കാൻ, സ്വയം പ്രകാശിപ്പി





ക്കാൻ അന്യവ്യക്തിയെ നാം അനുവദിക്കുകയാണ്. വേണ്ടത്ര പരിശോധിക്കാത്ത നമ്മുടെ വാക്കുകളോടും ആശയങ്ങളോടും നമ്മെത്തന്നെ ബന്ധിക്കാതിരിക്കുകയും ചെയ്യുന്നു. അങ്ങനെ പരസ്പരം ശ്രവിക്കാനുള്ള ഇടമുണ്ടാകുന്നു. കുടുതൽ ആഴത്തിലുള്ള മാനുഷികബന്ധങ്ങൾ സാധ്യമായിത്തീരുന്നു. ഉദാഹരണമായി സ്നേഹിക്കുന്നവർ തമ്മിലുള്ള യഥാർത്ഥ വിനിമയം നടക്കുന്നത് മിക്കപ്പോഴും നിശ്ശബ്ദതയിലാണ്: ആംഗ്യങ്ങൾ, മുഖഭാവങ്ങൾ, ശരീരഭാഷ എന്നിവ അവർ പരസ്പരം വെളിപ്പെടുത്തുന്നതിന്റെ അടയാളങ്ങളാണ്.

4. സന്തോഷം, ആകുലത, സഹനം എന്നിവയെല്ലാം നിശ്ശബ്ദതയിൽ വിനിമയം ചെയ്യാൻ കഴിയും. യഥാർത്ഥത്തിൽ അത് ആശയപ്രകാശനത്തിന്റെ സുശക്തമായ ഒരു രീതി അവർക്കു നല്കുന്നു. അങ്ങനെ നിശ്ശബ്ദത കൂടുതൽ സജീവമായ സമ്പർക്കം ജനിപ്പിക്കുന്നു. അത് ശ്രവിക്കാനുള്ള സംവേദകത്വവും കഴിവും ആവശ്യപ്പെടുന്നു. ബന്ധങ്ങളുടെ അളവും സ്വഭാവവും അവ വെളിപ്പെടുത്തുന്നു. സന്ദേശങ്ങളും വിവരങ്ങളും ധാരാളമാകുമ്പോൾ നിശ്ശബ്ദത അടിസ്ഥാനപരമായിത്തീരുന്നു. പ്രാധാന്യമുള്ളവയും പ്രാധാന്യമില്ലാത്തവയും തമ്മിൽ വേർതിരിച്ചറിയണമെങ്കിൽ അത് ആവശ്യമാണ്. പരസ്പരബന്ധമില്ലാത്തതെന്ന് പ്രഥമവീക്ഷണത്തിൽ തോന്നുന്ന സംഭവങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ കണ്ടുപിടിക്കാനും, വിലയിരുത്തൽ നടത്താനും സന്ദേശങ്ങളെ അപഗ്രഥിക്കാനും കൂടുതൽ ആഴത്തിലുള്ള വിചിന്തനം സഹായിക്കുന്നു. സുചിന്തിതവും പ്രസക്തവുമായ അഭിപ്രായങ്ങൾ പങ്കുവയ്ക്കാൻ അതു സഹായിക്കുന്നു. അങ്ങനെ പങ്കുവയ്ക്കപ്പെട്ട അറിവിന്റെ ഒരു യഥാർത്ഥ സംഘാതം ഉണ്ടാകുന്നു. ഇതു സംഭവിക്കുന്നതിന് സമുചിതമായ ഒരു പരിസ്ഥിതി വികസിപ്പിക്കുക അത്യാവശ്യമാണ്. ഒരു ഭൂപരിസ്ഥിതി വ്യവസ്ഥയുണ്ടാകണം. നിശ്ശബ്ദത, വാക്കുകൾ, പ്രതീകങ്ങൾ, ശബ്ദങ്ങൾ എന്നിവ തമ്മിൽ ശരിയായ സന്തുലിതാവസ്ഥ അതിന്റെ ഫലമായിട്ടുണ്ടാകും.

5. ഇക്കാലത്ത് സമ്പർക്കപ്രക്രിയ ഉത്തരങ്ങൾ അന്വേഷിക്കുന്ന ചോദ്യങ്ങൾകൊണ്ട് ഉജ്വലിപ്പിക്കപ്പെടുന്നു. ഉപദേശം, ആശയങ്ങൾ, വിവരങ്ങൾ, ഉത്തരങ്ങൾ എന്നിവ അന്വേഷിക്കുന്ന അനേകരെ സംബന്ധിച്ചിടത്തോളം സേർച്ച് എഞ്ചിൻ, സോഷ്യൽ നെറ്റുവർക്ക് എന്നിവ സമ്പർക്കത്തിന്റെ തുടക്കസ്ഥാനമായിട്ടുണ്ട്. നമ്മുടെ കാലഘട്ടത്തിൽ ഇന്റർനെറ്റ് വർദ്ധമാനമായ തോതിൽ ചോദ്യോത്തരങ്ങൾക്കുള്ള

വേദിയായിത്തീരുന്നു. യഥാർത്ഥത്തിൽ ഇന്ന്, ആളുകൾ ഒരിക്കലും ചോദിക്കാത്ത ചോദ്യങ്ങളും ഉത്തരങ്ങളുംകൊണ്ട് അവരെ ആക്രമിക്കുകയാണ്, അവർ ഒരിക്കലും അറിഞ്ഞിട്ടില്ലാത്ത ആവശ്യങ്ങൾകൊണ്ട് ആക്രമിക്കപ്പെടുകയാണ്. യഥാർത്ഥത്തിൽ പ്രധാനപ്പെട്ട ചോദ്യങ്ങൾ തിരിച്ചറിയുകയും അവയിൽ ശ്രദ്ധകേന്ദ്രീകരിക്കുകയും ചെയ്യണമെങ്കിൽ നിശ്ശബ്ദത അമൂല്യമായ ഒരു ഉത്പന്നമാണ്. നാം സ്വീകരിക്കുന്ന പ്രചോദനങ്ങളുടെയും ഡേറ്റകളുടെയും ആധിക്യത്തിന്റെ മുമ്പിൽ ശരിയായ വിവേചനാശക്തി പ്രയോഗിക്കാൻ അതു നമ്മെ സഹായിക്കും.

6. എന്നാൽ, സമ്പർക്കമാധ്യമങ്ങളുടെ സങ്കീർണതയുടെയും വൈവിധ്യത്തിന്റെയും ലോകത്തിൽ അനേകർ മനുഷ്യാസ്തിത്വത്തെ സംബന്ധിച്ച ആത്യന്തിക ചോദ്യങ്ങൾ നേരിടുന്നുണ്ട്: ആരാണു ഞാൻ? എനിക്ക് എന്ത് അറിയാൻ കഴിയും? ഞാൻ എന്താണു ചെയ്യേണ്ടത്. എനിക്ക് എന്തു പ്രത്യാശിക്കാനാവും? ഈ ചോദ്യങ്ങൾ ചോദിക്കുന്നവർക്ക് ഉറപ്പു നല്കുകയെന്നതും ആത്മാർത്ഥമായ ഒരു സംവാദത്തിനുള്ള വഴി തുറക്കുകയെന്നതും പ്രധാനകാര്യങ്ങളാണ്. വാക്കുകളും വിനിമയവും വഴിയാണ് അങ്ങനെ ചെയ്യേണ്ടത്. എന്നാലും നിശ്ശബ്ദമായ വിചിന്തനത്തിനു ക്ഷണിച്ചുകൊണ്ടും അങ്ങനെ ചെയ്യാം. അതു മിക്കപ്പോഴും ധൃതി പിടിച്ചു പറയുന്ന ഉത്തരത്തെക്കാൾ വാഗ്മിത്വമുള്ളതാകും. മിക്കപ്പോഴും അന്വേഷകരെ അവരുടെ അസ്തിത്വത്തിന്റെ ആഴങ്ങളിലേക്ക് നയിക്കുകയും ചെയ്യും. ദൈവം മനുഷ്യഹൃദയങ്ങളിൽ ഉല്ലേഖനം ചെയ്തിരിക്കുന്ന അറിവിലേക്കുള്ള വഴി അവർ തന്നെ തുറക്കുകയും ചെയ്യും.

7. ആത്യന്തികമായി ചോദ്യങ്ങളുടെ നിരന്തരമായ ഈ ഒഴുക്ക് മനുഷ്യരുടെ അസ്വസ്ഥതയുടെ തെളിവാണ്. മനുഷ്യർ എപ്പോഴും പ്രാധാന്യം കൂടിയതോ കുറഞ്ഞതോ ആയ സത്യങ്ങളെ നിരന്തരം അന്വേഷിച്ചുകൊണ്ടിരിക്കുന്നു. ജീവിതത്തിനു അർത്ഥവും പ്രത്യാശയും നല്കുന്ന സത്യങ്ങളെ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. ജീവിതത്തെ സംബന്ധിച്ച സംശയാസ്പദമായ അഭിപ്രായങ്ങളുടെയും അനുഭവങ്ങളുടെയും ഉപരിപ്ലവവും ചോദ്യരഹിതവുമായ കൈമാറ്റംകൊണ്ട് തൃപ്തരാകാൻ മനുഷ്യർക്കു കഴിയുകയില്ല. നമ്മൾ എല്ലാവരും സത്യം തേടുന്നവരാണ്. അഗാധമായ ഈ ആഗ്രഹത്തിൽ ഇന്ന് നാം മുൻകാലത്തെക്കാൾ ഏറെ പങ്കുചേരുന്നു. "ആളുകൾ വിവരങ്ങൾ കൈമാറുമ്പോൾ പരസ്പരം പങ്കുചേരുകയാണ്"-





"ലോകത്തെക്കുറിച്ചുള്ള വീക്ഷണവും പ്രത്യാശകളും ആദർശങ്ങളും എല്ലാം പങ്കുവയ്ക്കുകയാണ്"(2011-ലെ ലോകസമ്പർക്കദിനസമ്മേളനം).

8. വിവിധവിധത്തിലുള്ള വെബ്സൈറ്റുകൾ, ആപ്ലിക്കേഷനുകൾ, സോഷ്യൽ നെറ്റുവർക്കുകൾ എന്നിവയെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ചിന്തിക്കാനും യഥാർത്ഥ ചോദ്യങ്ങൾ ചോദിക്കാനും ആളുകളെ സഹായിക്കാൻ അവയ്ക്ക് ഇന്നു സാധിക്കും. നിശ്ശബ്ദതയ്ക്കും, പ്രാർത്ഥനയ്ക്കും, ധ്യാനത്തിനും ദൈവവചനത്തിന്റെ പങ്കുചേരലിനും അവ അവസരം നല്കും. ചെറിയ ശൈലികൾകൊണ്ട്, മിക്കപ്പോഴും ബൈബിളിലെ ഒരു വാക്യത്തെക്കാൾ ദൈർഘ്യമില്ലാത്ത വാക്യങ്ങൾകൊണ്ട് ആഴമുള്ള ചിന്തകൾ കൈമാറാൻ കഴിയും. സംഭാഷണത്തിൽ പങ്കുചേരുന്നവർ തങ്ങളുടെ ആന്തരിക ജീവിതത്തെ പോഷിപ്പിക്കുന്നതിൽ ഉപേക്ഷ കാണിക്കാത്തവരായിരിക്കണമെന്നേ ഉള്ളൂ. ആളുകൾക്ക് തങ്ങളെത്തന്നെ കണ്ടെത്താനും എല്ലാ കാര്യങ്ങൾക്കു അർത്ഥം നല്കുന്ന ദിവ്യസത്യത്തെ കണ്ടെത്താനും സഹായിക്കുന്ന വിശേഷാനുകൂല്യമുള്ള അവസ്ഥകളായി ഏകാന്തതയെയും നിശ്ശബ്ദതയെയും വിവിധ മതപാരമ്പര്യങ്ങൾ കരുതുന്നുവെന്നതിൽ വിസ്മയിക്കാനില്ല. ബൈബിൾപരമായ വെളിപാടിന്റെ ദൈവം വാക്കുകൾ കൂടാതെയും സംസാരിക്കുന്നുണ്ട്: "ക്രിസ്തുവിന്റെ കുരിശു തെളിയിക്കുന്നതുപോലെ ദൈവം തന്റെ നിശ്ശബ്ദതകൊണ്ടും സംസാരിക്കുന്നു. ദൈവത്തിന്റെ നിശ്ശബ്ദത, സർവശക്തനായ ദൈവത്തിന്റെ അകൽച്ചയുടെ അനുഭവം, മനുഷ്യാവതാരം ചെയ്ത വചനമാകുന്ന ദൈവപുത്രന്റെ ഭൗമികയാത്രയിൽ ഒരു നിർണായകഘട്ടമാണ്. ദൈവത്തിന്റെ നിശ്ശബ്ദത അവിടത്തെ ആദിമകാലവാക്കുകളെ ദീർഘിപ്പിക്കുകയാണ്. ഇരുട്ടിന്റെ ഈ നിമിഷങ്ങളിൽ, അവിടന്ന് തന്റെ ഏകാന്തതയുടെ രഹസ്യത്തിലൂടെ സംസാരിക്കുന്നു (വെർബും ദോമിനി, 21).

9. ദൈവസ്നേഹത്തിന്റെ വാഗ്മിത്വം, പരമദാനത്തോളം ജീവിക്കപ്പെട്ടത് കുരിശിന്റെ നിശ്ശബ്ദതയിൽ സംസാരിക്കുന്നു. ക്രിസ്തുവിന്റെ മരണശേഷം ഭൂമിമേൽ വലിയ നിശ്ശബ്ദതയുണ്ടായി. പിന്നീട് ദുഃഖശനിയാഴ്ച ദൈവത്തിന്റെ ശബ്ദം വീണ്ടും മുഴങ്ങുകയും മനുഷ്യരോടുള്ള സ്നേഹംകൊണ്ടു നിറയുകയും ചെയ്തു. ആ ദിവസം രാജാവു ഉറങ്ങുകയും ദൈവം ശരീരത്തിൽ ഉറങ്ങുകയും യുഗങ്ങളായി ഉറങ്ങിക്കൊണ്ടിരുന്നവരെ ഉയിർപ്പിക്കുകയും ചെയ്തു (cf. Office of Readings, Holy Saturday).

10. ദൈവം നിശ്ശബ്ദതയിൽ പോലും നമ്മോടു സംസാരിക്കുന്നുവെങ്കിൽ ദൈവത്തോടും ദൈവത്തെ സംബന്ധിച്ചും പറയാനുള്ള സാധ്യത നിശ്ശബ്ദതയിൽ കണ്ടുമുട്ടുന്നു. "ധ്യാനമായിത്തീരുന്ന നിശ്ശബ്ദത നമുക്ക് ആവശ്യമാണ്. ദൈവത്തിന്റെ നിശ്ശബ്ദതയിലേക്ക് നമ്മെ പ്രവേശിപ്പിക്കുകയും, ദിവ്യവചനം, രക്ഷിക്കുന്ന ദിവ്യവചനം, ജനിക്കുന്ന സ്ഥാനത്തേക്കു നമ്മെ കൊണ്ടുപോകുകയും ചെയ്യുന്ന ധ്യാനമാണത്" (പ്രഭാഷണം, അന്താരാഷ്ട്ര ദൈവശാസ്ത്ര കമ്മീഷന്റെ അംഗങ്ങളോടൊപ്പം നടന്ന ദിവ്യകാരുണ്യാഘോഷം, - ഒക്ടോബർ 2006 ദൈവത്തിന്റെ മഹത്ത്വത്തെപ്പറ്റി പറയുമ്പോൾ നമ്മുടെ ഭാഷ എപ്പോഴും അപര്യാപ്തമാണെന്നു തെളിയും. നിശ്ശബ്ദമായ ഗാഢധ്യാനത്തിന് അത് ഇടം നല്കണം. അത്തരം ഗാഢധ്യാനത്തിൽ നിന്ന്, അതിന്റെ ആന്തരികമായ സർവശക്തിയോടും കൂടി അടിയന്തിരസ്വഭാവമുള്ള പ്രേഷിതത്വത്തെക്കുറിച്ചുള്ള ചിന്തയുണ്ടാകുന്നു. അത് നിർബന്ധിക്കുന്ന ഒരു കടമ സൃഷ്ടിക്കുന്നു. "നമ്മൾ കണ്ടതും കേട്ടതും പകർന്നുകൊടുക്കാനുള്ള" കടമയാണത്. എല്ലാവരും ദൈവവുമായുള്ള സംസർഗത്തിലായിരിക്കാനാണത് (1 യോഹ 1:3).

11. നമ്മുടെ അയൽക്കാരിലേക്ക് നമ്മെ തിരിക്കുന്ന ദിവ്യസ്നേഹത്തിന്റെ ഉറവിടത്തിൽ നിശ്ശബ്ദഗാഢധ്യാനം നമ്മെ മുക്കുന്നു. അയൽക്കാരുടെ സഹനം നാം അനുഭവിച്ചറിയുകയും അവർക്ക് ക്രിസ്തുവിന്റെ പ്രകാശം, അവിടത്തെ ജീവസന്ദേശവും സ്നേഹപൂർണതയുടെ രക്ഷാകരദാനവും നല്കുകയും ചെയ്യുന്നതിനാണത്. അതുകൊണ്ട് നിശ്ശബ്ദ ഗാഢധ്യാനത്തിൽ, ലോകം ആരിലൂടെ സൃഷ്ടിക്കപ്പെട്ടുവോ ആ നിത്യവചനം പൂർവാധികം ശക്തിയോടെ സന്നിഹിതനാകുന്നു. ദൈവം നമ്മുടെ ചരിത്രത്തിലെങ്ങും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും നിർവഹിക്കുന്ന രക്ഷാപദ്ധതിയെക്കുറിച്ച് നാം അറിയുകയും ചെയ്യുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ ദൈവിക വെളിപാട് "ആന്തരിക ഐക്യമുള്ള പ്രവൃത്തികൾകൊണ്ടും വാക്കുകൾകൊണ്ടും നിറഞ്ഞിരിക്കുന്നു. "രക്ഷാരഹസ്യത്തിൽ ദൈവം ചെയ്ത പ്രവൃത്തികൾ വാക്കുകളാൽ സൂചിപ്പിക്കപ്പെട്ട പ്രബോധനത്തെയും യാഥാർത്ഥ്യങ്ങളെയും വെളിപ്പെടുത്തുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നു. അതേ സമയം വാക്കുകൾ പ്രവൃത്തികളെപ്പറ്റി പ്രഘോഷിക്കുകയും അവയിലുള്ള രഹസ്യത്തെ വിശദീകരിക്കുകയും ചെയ്യുന്നു (ദേയി വെർബും 2).





12. ഈ രക്ഷാപദ്ധതി നസ്രത്തിലെ യേശു എന്ന വ്യക്തിയിൽ പൂർത്തിയാകുന്നു. അവിടന്ന് എല്ലാ വെളിപാടുകളുടെയും മധ്യസ്ഥനും പൂർണതയുമാണ്. അവിടന്ന് പിതാവായ ദൈവത്തിന്റെ യഥാർത്ഥ മുഖം നമുക്കു വെളിപ്പെടുത്തിത്തന്നു. അവിടന്ന് തന്റെ കുരിശും ഉത്ഥാനവും വഴി നമ്മെ പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിൽ നിന്ന് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് കൊണ്ടുവന്നു.

13. മനുഷ്യാസ്തിത്വത്തെക്കുറിച്ചുള്ള മൗലിക ചോദ്യത്തിന്റെ അർത്ഥം ക്രിസ്തു എന്ന രഹസ്യത്തിൽ ഉത്തരം കണ്ടെത്തുന്നു. ആ ഉത്തരം അസ്വസ്ഥമായിരിക്കുന്ന മനുഷ്യഹൃദയത്തിനു സമാധാനം കൊണ്ടുവന്നു തരുന്നു. സഭയുടെ ദൗത്യം ഈ രഹസ്യത്തിൽ നിന്നു തുടങ്ങുന്നു. പ്രത്യാശയുടെയും രക്ഷയുടെയും മുന്നോടികളാകാൻ ക്രിസ്ത്യാനികളെ നിർബന്ധിക്കുന്നത് ഈ രഹസ്യമാണ്. മനുഷ്യമഹത്ത്വത്തെ വളർത്തുകയും നീതിയും സമാധാനവും പടുത്തുയർത്തുകയും ചെയ്യുന്ന സ്നേഹത്തിന്റെ സാക്ഷികളാകാനും നിർബന്ധിക്കുന്നത് ഈ രഹസ്യം തന്നെയാണ്.

14. വാക്കും നിശ്ശബ്ദതയും: ആശയവിനിമയം പഠിക്കുകയെന്നത് കേൾക്കാനും ധ്യാനിക്കാനും അതുപോലെ സംസാരിക്കാനും പഠിക്കുകയെന്നതാണ്. സുവിശേഷവത്കരണദൗത്യത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ സംബന്ധിച്ച് ഇത് അടിസ്ഥാനപരമാണ്. നിശ്ശബ്ദതയും വാക്കും സാരാംശപരമായ ഘടകങ്ങളാണ്. ഇന്നത്തെ ലോകത്തിൽ ക്രിസ്തുവിനെപ്പറ്റി നവീകൃത പ്രഘോഷണം നടത്തുന്നതിനെ സംബന്ധിച്ച്, സഭയുടെ സമ്പർക്കപ്രവർത്തനത്തിൽ അടിസ്ഥാനപരമായ ഘടകങ്ങളാണ്.

15. സാമൂഹിക സമ്പർക്ക മാധ്യമങ്ങളിലൂടെ സഭ ഏറ്റെടുക്കുന്ന സുവിശേഷവത്കരണപ്രവർത്തനമെല്ലാം കന്യകാമറിയത്തിനു ഞാൻ സമർപ്പിക്കുന്നു. "അവളുടെ നിശ്ശബ്ദത, ദിവ്യവചനത്തെ ശ്രദ്ധിച്ചു കേൾക്കുന്നു, അത് പുഷ്പിക്കാൻ ഇടയാക്കുകയും ചെയ്യുന്നു" (ലൊറേറ്റോയിലെ വിശുദ്ധ ഭവനത്തിലെ സ്വകാര്യപ്രാർത്ഥന, 1 സെപ്തംബർ 2007).

വത്തിക്കാനിൽ നിന്ന്, 24 ജനുവരി 2012, വിശുദ്ധ ഫ്രാൻസിസ് ഡി സാലസിന്റെ തിരുനാൾ ദിവസം,

**ബെനഡിക്ട് 16-ാമൻ മാർപാപ്പ**

2012



# BISHOP'S Engagements

### 2012 NOVEMBER

| | | |
|---|---|---|
| 1 | | Meeting, Mount St. Thomas, Kakanad |
| 2 | AM | St. Raphael's Cathedral, Palakkad |
| | | Yuvakshetra College, Mundur |
| | PM | Holy Spirit Forane Church, Mannarkkad |
| 3 | PM | FCC Vestition, Cathedral, Palakkad |
| 4 | | St. Antony's Church, Kodamthuruth |
| 5-13 | | Holy Land |
| 14 | | Holy Family Generalate, Mannuthy |
| 17 | | Meeting, Pastoral Centre |
| 18 | AM | Sacred Heart Church, Rajagiri |
| | PM | St. Joseph's Church, Kannambra |
| 19 | | Inter Curia Meeting, Thrissur |
| 22-23 | | Jubilee & AGBM, Renewal Centre, Ernakulam |
| 24 | | Catechism Commission Meeting, Kakkanad |
| | | SABS Provincial House, Mundur |
| 25 | AM | Nithyasahayamatha Church, Panthalampadam |
| | PM | Ramanathapuram |
| 26 | | Seraphic Provincial House, Palakkad |
| | | St. Mary's Minor Seminary, Kallepully |
| 27 | | FCC Convent Blessing, Thrithwamala |
| 28-30 | | Priests' Ongoing Programme, Yuvakshetra |

### 2012 DECEMBER

| | | |
|---|---|---|
| 2 | | St. Thomas Church, Elavampadam |
| 4 | | Pre-Cana, Yuvakshetra |
| 5 | | Trustees Council Meeting, Paalana |
| 6 | | Sehion Retreat Centre, Thavalam |
| 7 | | Meeting, Pastoral Centre |
| 8 | | Sinai Retreat Centre, Mundur |
| 9 | AM | Sacred Heart Church, Thiruvizhamkunnu |
| | PM | St. Joseph's Church, Alanallur |
| 10 | | Young Priests' Meeting, Bishop's House |








**ആദരാഞ്ജലികൾ**

ഫാ. ഫ്രാൻസിസ് പാറയ്ക്കൽ, 22-11-1996

**മാധ്യമദിനം**

നവംബർ 18 ഞായറാഴ്ച ആഗോളസഭ മാധ്യമദിനമായി ആഘോഷിക്കുന്നു. മാധ്യമങ്ങളുടെ വിസ്ഫോടനാത്മകമായ വളർച്ചയും സമൂഹത്തിൽ അവ ചെലുത്തുന്ന വർദ്ധിച്ച സ്വാധീനവും ദൈവരാജ്യശുശ്രൂഷയ്ക്ക് പലപ്രദമായി പ്രയോഗിക്കുകയെന്നത് കൂടുതൽ പ്രാധാന്യമർഹിക്കുന്നു. മാധ്യമദിനം സമുചിതമായി ആചരിക്കുകയും അന്നത്തെ സ്തോത്രകാഴ്ച രൂപതാ കാര്യാലയത്തിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

**വൈദിക തുടർപരിശീലന പരിപാടി**

വിശ്വാസവർഷം പ്രമാണിച്ച് വൈദികർക്കുവേണ്ടി നവംബർ 28 മുതൽ 30 വരെ മുണ്ടൂർ യുവക്ഷേത്രയിൽവച്ച് തുടർപരിശീലന പരിപാടി നടത്തുന്നു. "വൈദികർ, വിശ്വാസ പ്രബോധകരും വിശ്വാസപരിശീലകരും" എന്ന വിഷയത്തെ ആസ്പദമാക്കി ബഹു. ജോസഫ് പാംപ്ലാനി അച്ചൻ ക്ലാസ്സുകൾ നയിക്കുന്നതാണ്. ക്ലാസ്സുകൾ 28-ാം തിയ്യതി 10.30ന് ആരംഭിച്ച് 30-ാം തിയ്യതി ഉച്ചഭക്ഷണത്തോടുകൂടി സമാപിക്കുന്നതാണ്. എല്ലാ വൈദികരും അതിൽ സംബന്ധിക്കേണ്ടതാണ്.

**പ്രായോഗിക പരിശീലന ക്ലാസ്സ്**

2005-2011 വർഷങ്ങളിൽ തിരുപ്പട്ടം സ്വീകരിച്ച ബ. വൈദികർക്ക് 2012 ഡിസംബർ 10 തിങ്കളാഴ്ച രാവിലെ 10.00 മണിമുതൽ വൈകിട്ട് 4.00 മണി വരെ ബിഷപ്പ്സ് ഹൗസിൽവച്ച് അജപാലന ശുശ്രൂഷയോടുബന്ധപ്പെട്ട പ്രായോഗിക പരിശീലനക്ലാസ്സ് സംഘടിപ്പിച്ചിട്ടുണ്ട്. ഈ വർഷങ്ങളിലെ ബ. അച്ചന്മാർ അതിൽ സംബന്ധിക്കേണ്ടതാണ്.

**അനുരഞ്ജന സമിതി (Eparchial Reconciliatory Council)**

വിവാഹ പരാതികൾ രൂപതാ ട്രൈബ്യൂണിലേക്ക് ഇടവകകളിൽനിന്ന് നിർദ്ദേശിച്ചു വിടുന്നതിനുമുമ്പ് പ്രസ്തുത കേസുകൾ ബന്ധപ്പെട്ട കക്ഷികളുമായി സംസാരിച്ച് പരിഹരിക്കാൻ ശ്രമിക്കുന്ന അനുരഞ്ജന സമിതിക്ക് രൂപതയിൽ രൂപം കൊടുത്തിട്ടുണ്ട്. ബ. ജോസഫ് ചിറ്റിലപ്പിള്ളി അച്ചൻ കൺവീനറും ബ. ജോസ് പി. ചിറ്റിലപ്പള്ളി അച്ചൻ, ശ്രീ. കെ. പി. ലോറൻസ്, സി. ജോയ്സി ചിറ്റിലപ്പിള്ളി സി. എച്ച്. എഫ്., ശ്രീമതി. അഡ്വ. മിനി ഫ്രാൻസിസ് എന്നിവരുമാണ് സമിതി അംഗങ്ങൾ.

**വാർഷികധ്യാനം**

വൈദികരുടെ കഴിഞ്ഞ വാർഷിക ധ്യാനത്തിൽ പങ്കെടുക്കാൻ സാധിക്കാതിരുന്ന ബഹു. അച്ചന്മാർ ഡിസംബർ 31ന് മുമ്പ് വാർഷിക ധ്യാനത്തിൽ പങ്കെടുത്ത് വിവരം രൂപതാകാര്യാലയത്തിൽ അറിയിക്കുകയും കുർബാന കണക്ക് ഏല്പ്പിക്കുകയും ചെയ്യേണ്ടതാണ്.

**വിവാഹമുടക്കം**

ഡിസംബർ 1 മുതൽ 25 വരെ ക്രിസ്തുമസ്സിന് ഒരുക്കമായ നോമ്പായതിനാൽ ആ ദിവസങ്ങളിൽ വിവാഹാഘോഷങ്ങൾ അനുവദനീയമല്ല.

**രൂപതാ ഡയറക്ടറി**

2012-13 വർഷത്തെ രൂപതാ ഡയറക്ടറി ജിം ഓഫ്സെറ്റ് പ്രസ്സിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽനിന്നും ലഭിക്കുന്നതാണ്. വില. 100.00/-

**ജൂബിലി മംഗളാശംസകൾ**

പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബ. ജോസ് തെക്കേക്കര (തൃശ്ശൂർ അതിരൂപത), ബ. സെബാസ്റ്റ്യൻ കടമ്പാട്ടുപറമ്പിൽ എന്നീ അച്ചന്മാർക്കും രജത ജൂബിലി ആഘോഷിക്കുന്ന ബ. വർഗ്ഗീസ് പുത്തനങ്ങാടി (രാമനാഥപുരം രൂപത), ബഹു. ആന്റോ അരിക്കാട്ട്, ബ. ജോൺ മൈലംവേലി എന്നീ അച്ചന്മാർക്കും പാലക്കാട് രൂപതയുടെ പ്രാർത്ഥനാശംസകൾ. നവംബർ 30-ാം തിയ്യതി വെള്ളിയാഴ്ച രാവിലെ 6.30 ന് യുവക്ഷേത്രയിൽവച്ച് അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രൂപതാ വൈദികർ ഒന്നിച്ച് ജൂബിലിയേറിയൻസ് കൃതജ്ഞതാബലി അർപ്പിക്കുന്നതാണ്.

## APPOINTMENTS

1. Rev. Fr. John Mylamvelil: Relieved for service as Chancellor, Eparchial Curia, Faridabad, w.e.f. 1.10.2012
2. Rev. Fr. Saji Panaparambil: Vicar, St. Mary's Church, Kallepully, w.e.f. 15.11.2012. Residence at St. Mary's Minor Seminary, Kallepully.
3. Rev. Fr. Peter Kochupurackal: Relieved, Vicar St. Mary's Church, Kallepully, w.e.f. 15.11.2012
4. Rev. Sr. Deepa Jose MSMI, Judge, Eparchial Tribunal, w.e.f. 8.10.2012.





## പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

പാലക്കാട് രൂപതാ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ് 2012 സെപ്തംബർ 8-ാം തീയതി 10.30ന് രൂപതാ പാസ്റ്ററൽ സെന്ററിൽ രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

രൂപതാ വികാരി ജനറാൾ മോൺസിഞ്ഞോർ ജോസഫ് ചിറ്റിലപ്പള്ളി അച്ചൻ ഏവർക്കും ഹൃദ്യമായ സ്വാഗതം ആശംസിച്ചു. രൂപതാദിനവും മാതാവിന്റെ ജനനത്തിരുനാളും ഒത്തുചേർന്ന സെപ്തംബർ 8നു തന്നെ മീറ്റിംഗ് ചേരാൻ സാധിച്ചതിലുള്ള സന്തോഷം പങ്കുവെച്ച ജനറാളച്ചൻ രൂപതയിലെ എല്ലാവരുടെയും നാമത്തിൽ അഭിവന്ദ്യ പിതാവിന് രൂപതാദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനാശംസകളും നേർന്നു. ഡൊമിനിക്കൻ കോൺഗ്രിഗേഷൻ സുപ്പീരിയർ ജനറൽ വെരി. റവ. സിസ്റ്റർ ലീമ ഒ.പി. അഭിവന്ദ്യ പിതാവിന് ബൊക്കെ നൽകി. തുടർന്ന് രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഫാ. അബ്രാഹം പാലത്തിങ്കൽ റിപ്പോർട്ട് അവതരിപ്പിച്ചു.

രൂപതാദിനത്തിന്റെയും മാതാവിന്റെ ജനനത്തിരുനാളിന്റെയും മംഗളങ്ങൾ ഏവർക്കും ആശംസിച്ചുകൊണ്ട് അഭിവന്ദ്യ പിതാവ് തന്റെ അദ്ധ്യക്ഷപ്രസംഗം ആരംഭിച്ചു. ദൈവ പരിപാലനയിൽ നട്ട് നനച്ച് രൂപതയെ വളർത്തിയ 38 അനുഗ്രഹ വർഷങ്ങളെ പിതാവ് കൃതജ്ഞതയോടെ അനുസ്മരിച്ചു. വിശ്വാസവർഷത്തിന്റെ പശ്ചാത്തലത്തിൽ രൂപതയുടെ വളർച്ചയെ വിശ്വാസത്തിന്റെ വളർച്ചയായാണ് പിതാവ് അവതരിപ്പിച്ചത്. സത്യവിശ്വാസം ലഭിക്കുവാനും അഭംഗുരം കാത്തുസൂക്ഷിക്കുവാനും ഭാഗ്യം സിദ്ധിച്ച സഭയുടെ വിശ്വാസപൈതൃകത്തെ വളർത്തേണ്ടതിന്റെ ആവശ്യകത പിതാവ് ഊന്നി പ്പറഞ്ഞു. വിശ്വസിച്ച് ഭാഗ്യവതിയായ പരിശുദ്ധ മറിയത്തെപ്പോലെ വിശ്വാസത്തിന്റെ വളർച്ചയിലൂടെയാണ് സഭയും രൂപതയും മഹത്വം ചൂടുക. ഏക സത്യ ദൈവമായ പിതാവിനേയും അവിടുന്ന് അയച്ച പുത്രനേയും പരിശുദ്ധാത്മാവിനെയും അറിയുകയും സ്നേഹിക്കുകയും ജീവിത സാക്ഷ്യത്തിലൂടെ മറ്റുള്ളവരുമായി പങ്കുവെക്കുകയും അവരെ വിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ ദൗത്യം. നമുക്ക് ദാനമായി ലഭിച്ച വിശ്വാസത്തിന്റെ ആഴങ്ങൾ അനുഭവിച്ച് അറിഞ്ഞ് ബോധ്യത്തോടെ പങ്കുവെച്ച് വിശ്വാസവർഷാചരണം അർത്ഥവത്തും ഫലദായകവുമാക്കിത്തീർക്കുവാൻ പിതാവ് കൗൺസിൽ അംഗങ്ങളെ ആഹ്വാനം ചെയ്തു.

തുടർന്ന് വിശ്വാസവർഷാചരണത്തിന്റെ പശ്ചാത്തലം, പ്രസക്തി, ലക്ഷ്യം എന്നിവയെക്കുറിച്ച് ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പായുടെ ***വിശ്വാസത്തിന്റെ വാതിൽ*** (*Porta Fidei*) എന്ന അപ്പസ്തോലിക ലേഖനത്തെ ആധാരമാക്കി ബഹു. ജോർജ്ജ് തുരുത്തിപ്പള്ളി അച്ചൻ പ്രഭാഷണം നടത്തി. വിശ്വാസസത്യങ്ങൾ പഠിക്കുക, ജീവിക്കുക, പ്രാവർത്തികമാക്കുക

എന്നതാണ് വിശ്വാസവർഷാചരണത്തിന്റെ പരമപ്രധാനമായ ലക്ഷ്യം. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖകളിലൂടെയും കത്തോലിക്ക മതബോധനഗ്രന്ഥത്തിലൂടെയും യുവജന മതബോധനഗ്രന്ഥത്തിലൂടെയും സഭക്ക് ലഭിച്ച വിശ്വാസസത്യങ്ങളുടെ ആധികാരിക വ്യാഖ്യാനങ്ങളെ വർദ്ധമാനമാക്കാനും അതുവഴി വിശ്വാസജീവിതത്തിൽ ആഴപ്പെടാനും ബോധ്യത്തിലൂടെയും ജീവിത സാക്ഷ്യത്തിലൂടെയും മറ്റുള്ളവരുമായി വിശ്വാസം പങ്കുവെക്കാനും മാർപ്പാപ്പ നൽകിയ ആഹ്വാനത്തെ അദ്ദേഹം സമ്യക്കായി അവതരിപ്പിച്ചു.

തുടർന്ന് 11 ഫൊറോനകളിലെയും ഫെറോന സെക്രട്ടറിമാർ അതത് ഫൊറോനകളിൽ നടന്ന ചർച്ചകളുടെ സംക്ഷിപ്ത റിപ്പോർട്ടുകൾ അവതരിപ്പിച്ചു. റിപ്പോർട്ടുകളിലൂടെയും ചർച്ചകളിലൂടെയും ക്രോഡീകരിക്കപ്പെട്ട നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

**വിശ്വസിക്കുക, വിശ്വാസം ഏറ്റുപറയുക, ജീവിക്കുക, സാക്ഷ്യം നൽകുക, വിശ്വാസം കൈമാറുക എന്നീ തലങ്ങളിൽ നാമിന്ന് അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികളും വെല്ലുവിളികളും**

- വിശ്വാസം പലപ്പോഴും ഉപരിപ്ലവമായി മാത്രം നിലകൊള്ളുന്ന സാമൂഹിക പരിപ്രേഷ്യമായി നിലനിൽക്കുകയാണെന്ന മാർപ്പാപ്പായുടെ നിരീക്ഷണം യൂറോപ്യൻ രാജ്യങ്ങളിൽ എന്നപോലെ നമ്മെയും ബാധിക്കുന്നതാണെന്ന് കൗൺസിൽ വിലയിരുത്തി.
- വിശ്വാസവും ജീവിതവും തമ്മിൽ അന്തരം നിലനിൽക്കുന്നു. വിശ്വാസത്തിനു വേണ്ടി ത്യാഗങ്ങളനുഷ്ഠിക്കാൻ വൈമനസ്യം പ്രകടിപ്പിക്കുന്നു. സഹനമില്ലാത്ത വിശ്വാസജീവിതം തേടുന്നവരാണ് ഭൂരിഭാഗവും.
- ഭൗതീകതയുടെ അതിപ്രസരത്തിൽ നൈമിഷിക സുഖഭോഗാസക്തിയിൽ ജീവിക്കുന്നു. അതിനായി ഏതറ്റംവരെയും പോകാൻ പലരും തയ്യാറാണ്.
- സാമ്പത്തികവളർച്ചയും അമിത സ്വാശ്രയബോധവും ദൈവാശ്രയബോധത്തെ നഷ്ടമാക്കുന്നു.
- വിശ്വാസം പ്രകടനങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും ഒതുങ്ങി നിൽക്കുന്നു. ഭക്തിപ്രകടനങ്ങളും ദൈവാശ്രയവും ഭൗതീക നേട്ടത്തിനു വേണ്ടിയുള്ള നെട്ടോട്ടത്തിന്റെ താങ്ങായി പലപ്പോഴും പരിഗണിക്കപ്പെടുന്നു.
- മാധ്യമങ്ങളുട അതിപ്രസരവും നിഷേധാത്മക സ്വാധീനവും വിശ്വാസജീവിതത്തിന് വലിയ വെല്ലുവിളികൾ ഉയർത്തുന്നു.
- വിശ്വാസം ഏറ്റുപറയുന്ന കാര്യത്തിൽ നാം പൊതുവെ മടിയന്മാരാണ്. കാരണം വചനവും, വിശ്വാസസത്യങ്ങളും ആഴമായി പഠിക്കാൻ താൽപര്യം പ്രകടിപ്പിക്കുന്നില്ല. വെല്ലുവിളികളുണ്ടാകുമ്പോൾ പ്രതികരിക്കാൻ സാധിക്കത്തകവിധത്തിൽ വ്യക്തമായ ബോധ്യങ്ങളില്ല.
- ക്രിസ്ത്യാനിയാണെന്ന് പറയാനും അറിയപ്പെടാനും പലരും ആഗ്രഹിക്കുന്നില്ല.





- വിശ്വാസസാക്ഷ്യം നൽകി ജീവിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു. ധ്യാനകേന്ദ്രങ്ങളിലും മറ്റും പോകുന്നവരുടെ എണ്ണം കൂടിവരുന്നുണ്ടെങ്കിലും അവരിൽ നല്ലൊരു ശതമാനം പ്രശ്ന നിവാരണവും വ്യക്തി സാഫല്യവും തേടി പോകുന്നവരാണ്.
- സഭയിലൂടെയാണ് വളർന്നതെങ്കിലും സഭയ്ക്കു പുറത്തുപോയി തങ്ങളുടേതായ സാമ്രാജ്യം കെട്ടിപ്പൊക്കി സഭക്കെതിരെ സാക്ഷ്യം നൽകുന്നവരുടെ സ്വാധീനം വളരെ ശക്തമാണ്.
- വിശ്വാസ കൈമാറ്റത്തിന് ഏറ്റവും ശക്തമായ മാർഗ്ഗം വിശ്വാസപരിശീലനം അഥവ മതബോധനമാണ്. വിശ്വാസപരിശീലനത്തിൽ മാതാപിതാക്കൾക്കും മക്കൾക്കും താൽപര്യം കുറഞ്ഞുവരുന്നു. നമ്മുടെ നാട്ടിൽ പ്രബലമായിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ സംസ്കാരം വിശ്വാസ പരിശീലനത്തെയും കുട്ടികളുടെ സമഗ്ര വ്യക്തിത്വ രൂപീകരണത്തെയും സാരമായി ബാധിക്കുന്നു. ഇത് വിശ്വാസ കൈമാറ്റത്തെ ബാധിക്കുന്നു.
- മാധ്യമപ്രേരിതമായ ജീവിതശൈലികളുടെ അമിതമായ സ്വാധീനം കുട്ടികളിലും യുവജനങ്ങളിലും വിശ്വാസത്തോടും ധാർമ്മിക ജീവിതത്തോടും പൊതുവെ നിസംഗതാ മനോഭാവം വളർത്തുന്നു.

ചുരുക്കത്തിൽ ഇന്നത്തെ വിദ്യാഭ്യാസ തൊഴിൽ സംസ്കാരം വിശ്വാസപരിശീലനത്തെയും വിശ്വാസാധിഷ്ഠിത ജീവിതത്തെയും വിശ്വാസപ്രഘോഷണത്തെയും സാരമായി ബാധിക്കുന്നു എന്നാണ് കൗൺസിൽ അംഗങ്ങൾ വിലയിരുത്തുന്നത്. പരമ്പരാഗത ജീവിത സാഹചര്യങ്ങളിൽ നിന്നും അത്യന്താധുനിക നഗരസംസ്കാരങ്ങളിലേക്ക് പറിച്ച് മാറ്റപ്പെടുകയും ചേക്കേറുകയും ചെയ്യുന്നവർ വിശ്വാസത്തിൽ സ്ഥിരപ്പെടാനും ആഴപ്പെടാനും കാര്യക്ഷമമായ ശ്രമങ്ങൾ നടത്തുന്നില്ല. വൈയക്തിക ഭൗതീകനേട്ടങ്ങളിൽ മാത്രം ശ്രദ്ധയൂന്നി മുന്നേറുന്ന വിദ്യാർത്ഥികളും ഉദ്യോഗസ്ഥരും വിശ്വാസത്തിന്റെ സ്രോതസ്സായ സഭയുമായി വ്യക്തിബന്ധം പുലർത്താതെ കഴിയുന്നു. പരമ്പരാഗത വിശ്വാസ കൈമാറ്റ പ്രക്രിയയുടെ ഭാഗമായ കുടുംബപ്രാർത്ഥനയും ഞായറാഴ്ച ആചരണവും തുടർവിശ്വാസപരിശീലന സാധ്യതകളും ഇന്ന് പലർക്കും അന്യമായിക്കൊണ്ടിരിക്കുന്നു. ഈദൃശ പശ്ചാത്തലങ്ങളെ അവലോകനം ചെയ്ത കൗൺസിൽ താഴെ പറയുന്ന നിർദ്ദേശങ്ങളും മുന്നോട്ടുവെച്ചു.

**പ്രായോഗിക നിർദ്ദേശങ്ങൾ**

- വിശ്വാസത്തിന്റെ ജീവനാഡിയായ കുടുംബപ്രാർത്ഥനയും വ്യക്തിപരമായി പ്രാർത്ഥനകളും എല്ലാ ഭവനങ്ങളിലും നിർബന്ധമാക്കുക.
- കുട്ടികളെയും യുവതീയുവാക്കളെയും മുതിർന്നവരെയും വിശ്വാസ പ്രകരണങ്ങളും, പ്രാർത്ഥനകളും പഠിപ്പിക്കുകയും അർത്ഥവത്തായി വിശുദ്ധകുർബ്ബാനയിൽ പങ്കുചേരുവാൻ പരിശീലിപ്പിക്കുകയും ചെയ്യുക.

- മക്കളെ വിശ്വാസത്തിലും സന്മാർഗ്ഗത്തിലും വളർത്തേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് മാതാപിതാക്കൾക്ക് പ്രത്യേകിച്ച് അമ്മമാർക്ക് പരിശീലനം നൽകുക.
- വചനം വായിക്കാനും പഠിക്കാനും വ്യാഖ്യാനിക്കാനും പരിശീലിപ്പിക്കുക.
- വിശ്വാസപ്രമാണങ്ങളുടെ വൈശിഷ്ഠ്യവും ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യവും വ്യക്തമാക്കുന്ന പ്രബോധനങ്ങൾ നൽകുക.
- ദൈവാശ്രയ ബോധത്തിൽ ജീവിക്കാൻ പഠിപ്പിക്കുക.
- കുടുംബ സമ്മേളന തലങ്ങളിലും ഇടവക തലങ്ങളിലും രൂപതാതലത്തിലും വിശ്വാസാധിഷ്ഠിത ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കുക.
- ആഘോഷമായ പ്രദക്ഷിണത്തോടെ വിശ്വാസവർഷം ഉദ്ഘാടനം ചെയ്യുക.
- എല്ലാ പൊതുപരിപാടികളിലും വിശുദ്ധകുർബ്ബാനയിലും വിശ്വാസ പ്രമാണം ചൊല്ലുക.
- ആഘോഷങ്ങൾ ലളിതവും വിശ്വാസപരിവേഷമുള്ളതുമാക്കി ത്തീർക്കാൻ പ്രത്യേകം നിഷ്കർഷിക്കുക.
- വിശ്വാസപരിശീലനത്തിന് പ്രതിസന്ധി സൃഷ്ടിക്കുന്ന കോച്ചിംഗ്, ട്യൂഷൻ സംവിധാനങ്ങളെ ഒഴിവാക്കാൻ ബദൽ സംവിധാനങ്ങൾ രൂപപ്പെടുത്തുക.
- വിശ്വാസം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി വിശ്വാസവർഷത്തിൽ പാവപ്പെട്ടവരോട് കൂടുതൽ പക്ഷം ചേർന്ന് പ്രവർത്തിക്കുക.
- ഭവനനിർമ്മാണം, രോഗീശുശ്രൂഷ, വിദ്യാഭ്യാസ സഹായം, വിവാഹ സഹായം എന്നിവയ്ക്ക് ഇടവകതലങ്ങളിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി കിടപ്പ് രോഗികൾ, മാറാരോഗികൾ, വൃദ്ധ ഭവനങ്ങൾ, ആതുരാലയങ്ങൾ എന്നിവ സന്ദർശിച്ച് ശുശ്രൂഷയിൽ പങ്കുചേരുകയും സഹായിക്കുകയും ചെയ്യുക.
- വിശ്വാസവർഷാചരണത്തിന്റെ സമാപനാഘോഷം ക്രിസ്തുരാജ ത്തിരുനാളിനോടനുബന്ധിച്ച് വിശ്വാസപ്രഘോഷണ റാലിയോടെ നടത്തുക.

റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ നടന്ന ചർച്ചകളിൽ ഏവരും സജീവമായി പങ്കുചേർന്നു. അഭിവന്ദ്യ പിതാവ് ചർച്ചകൾ മോഡറേറ്റ് ചെയ്തു. വ്യക്തമായ ബോദ്ധ്യത്തോടെ ജീവിത സാക്ഷ്യം നൽകി പ്രേഷിത ദൗത്യം നിറവേറ്റുന്നതിന് പിതാവ് ഏവരേയും ആഹ്വാനം ചെയ്തു. 10.30ന് പ്രാർത്ഥന യോടെ ആരംഭിച്ച പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും ജോയിന്റ് സെക്രട്ടറി ശ്രീ. കെ.പി. ലോറൻസ് നന്ദി പ്രകാശിപ്പിച്ചു. ഉച്ചയ്ക്ക് 1 മണിയോടെ യോഗം പിരിഞ്ഞു.

സെക്രട്ടറി

**ഫാ. അബ്രാഹം പാലത്തിങ്കൽ**





# പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

2012 ഒക്ടോബർ 18 വ്യാഴാഴ്ച 11.00 മണിക്ക് പാലക്കാട് ബിഷപ്സ് ഹൗസിൽ കൂടിയ പ്രസ്ബിറ്ററൽ കൗൺസിലിൽ അഭിവന്ദ്യ പിതാവ് അദ്ധ്യ ക്ഷനായിരുന്നു. ബ. ജോഷി പുത്തൻപുരയിൽ അച്ചൻ നേതൃത്വം കൊടുത്ത പ്രാർത്ഥനയുടെ സമാപനത്തിൽ എല്ലാവരും വിശ്വാസപ്രമാണം ഏറ്റുചൊ ല്ലി. 46 ൽ 37 പേർ പങ്കെടുത്ത കൗൺസിൽ അംഗങ്ങളെ അഭിവന്ദ്യ പിതാവ് സ്വാഗതം ചെയ്തു. സെക്രട്ടറി ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി റിപ്പോർട്ട് അവതരിപ്പിച്ചു.

വിശ്വാസവർഷാചരണത്തെ സംബന്ധിച്ച് പാസ്റ്ററൽ കൗൺസി ലിലും പ്രസ്ബിറ്ററൽ കൗൺസിലിലും ചർച്ച ചെയ്തവയും രൂപതയിൽ നടപ്പിലാക്കാൻ തീരുമാനിച്ചവയും ഉൾക്കൊള്ളിച്ച് അഭിവന്ദ്യ പിതാവ് ഇട യലേഖനത്തിലൂടെ അറിയിച്ച കർമ്മപരിപാടികളുടെ പ്രായോഗിക വശങ്ങ ളെപ്പറ്റി കൗൺസിലിൽ വിലയിരുത്തി. വിശ്വാസവർഷാരംഭം അർത്ഥവത്തായി നടത്തിയ ഫൊറോനകളെയും ഇടവകകളെയും പിതാവ് അഭിനന്ദിച്ചു.

**പ്രായോഗിക നിർദ്ദേശങ്ങൾ**

1. ഇടവകയിൽ കഴിവതുംവേഗം പൊതുയോഗമോ, പ്രതിനിധിയോഗമോ, കുടുംബ സമ്മേളന ഭാരവാഹികളുടെ യോഗമോ നടത്തി ഇടവകയിൽ ചെയ്യാൻ ഉദ്ദേശിക്കുന്ന കർമ്മപരിപാടികൾക്ക് രൂപംകൊടുക്കണം.
2. മതബോധന ക്ലാസ്സിലെ പി. ടി. എ. സംബന്ധിച്ച്, വലിയ ഇടവകകളിൽ ക്ലാസ്സ് അടിസ്ഥാനത്തിലോ, എൽ. പി., യൂ. പി., എച്ച്. എസ്., എച്ച്. എസ്. എസ്. വിഭാഗങ്ങൾ തിരിച്ചോ നടത്താവുന്നതാണ്. ചെറിയ ഇടവകകളിൽ കുട്ടികളും മാതാപിതാക്കളും ഒരുമിച്ച് പി. ടി. എ. സംഘടിപ്പിക്കാം. ഇക്കാര്യം അടുത്ത മതബോധനവർഷത്തിന്റെ ആരംഭത്തിൽത്തന്നെ നടപ്പാക്കണം.
3. ഞായറാഴ്ച പ്രസംഗങ്ങളിൽ ബ. വികാരിയച്ചന്മാർ കുടുംബപ്രാർത്ഥന യുടെ പ്രാധാന്യവും ആവശ്യകതയും വ്യക്തമായി അവതരിപ്പിക്കണം. കുടുംബപ്രാർത്ഥനയിൽ ജപമാലയും വിശുദ്ധ ഗ്രന്ഥ പാരായണവും അഭി വാജ്യ ഘടകങ്ങളാണെന്ന് ബ. അച്ചന്മാർ പഠിപ്പിക്കണം.
4. വിശ്വാസപ്രമാണത്തെ സംബന്ധിച്ച പ്രധാന ആശയങ്ങൾ പ്രസംഗരൂപ ത്തിൽ ക്രമീകരിച്ച് ബ. അച്ചന്മാർക്ക് ലഭ്യമാക്കുന്നതാണ്.
5. സത്യവിശ്വാസത്തിൽനിന്ന് അകന്നുപോയവരെ കണ്ട് സംസാരിക്കാനും അവരെ തിരിച്ചുകൊണ്ടുവരുവാനും സമയബന്ധിത പരിപാടികൾ ക്രമീക രിക്കണം.
6. കുടുംബ യൂണിറ്റുകൾ സജീവമാക്കുകയും ലഘുലേഖകൾ ഗൗരവപൂർവ്വം ചർച്ചാവിഷയമാക്കുകയും ചെയ്യണം.

അജണ്ടയിലെ രണ്ടാമത്തെ വിഷയം ഇടവക ഫൊറോന കലാമ ത്സരങ്ങളിലെ അമിത ചെലവുകളെക്കുറിച്ചായിരുന്നു. വിഷയം അവതരിപ്പിച്ച

ബ. മാത്യു വാഴയിൽ അച്ചൻ അമിത ചെലവ് ഇടവകയിൽ വരുത്തുന്ന ബാദ്ധ്യതയും അതിന്റെ ആവശ്യകതയെയുംപറ്റി വിവരിച്ചു. തുടർന്ന് നടന്ന ചർച്ചയിലൂടെ ഉരുത്തിരിഞ്ഞ പ്രധാന ആശയങ്ങൾ താഴെപ്പറയുന്നു.

1. ചെലവഴിക്കുന്ന പണത്തിന് അനുപാതികമായി വിശ്വാസപരിശീലനത്തിനും വിശ്വാസപ്രഘോഷണത്തിനും എന്തുമാത്രം സഹായകമാകുമെന്ന് കണക്കാക്കണം.
2. നടത്തപ്പെടുന്ന പരിപാടികൾ, സമ്മാന അർഹമായവയെങ്കിലും പൊതുജനത്തിന് കാണാൻ അവസരം ഉണ്ടാക്കണം.
3. പണം ഇല്ലാത്തതുകൊണ്ട് ഇടവകയിലെ കഴിവുള്ളവർ ഒഴിവാക്കപ്പെടരുത്.

അജണ്ടയിലെ മൂന്നാമത്തെ വിഷയം എ. കെ. സി. സി. (അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ്) പ്രസ്ഥാനവും രൂപതയിലെ ഭാവി പദ്ധതിയെയുംപ്പറ്റിയായിരുന്നു. ഈ വിഷയം ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി അവതരിപ്പിച്ചു. പൂർണ്ണമായും മെത്രാൻ സിനഡിന്റെ നിയന്ത്രണത്തിലുള്ള സീറോ മലബാർ സഭയിലെ അല്മായ സംഘടനയാണ് എ. കെ. സി. സി. ഓരോ രൂപതയിലും ഈ സംഘടന അതേപടി സ്ഥാപിക്കുകയോ, രൂപതാ അദ്ധ്യക്ഷൻ അംഗീകരിച്ചിട്ടുള്ള ഇതേ സ്വഭാവമുള്ള സംഘടനകളെയോ പ്രസ്ഥാനങ്ങളെയോ എ. കെ. സി. സി.യുടെ അംഗസംഘടനയായി ചേർക്കാവുന്നതോ ആണ്. ഇതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ രൂപതയിലെ കുടുംബ കൂട്ടായ്മകളെ അംഗസംഘടനകളായി പരിഗണിക്കാൻ തീരുമാനിച്ചു. നമ്മുടെ രൂപതയിൽ എ. കെ. സി. സി.ക്ക് കുടുംബ കൂട്ടായ്മയുടെ അതെ ഘടനതന്നെയായിരിക്കും ഉണ്ടായിരിക്കുക.

കഴിഞ്ഞ പാസ്റ്ററൽ കൗൺസിലിൽ (8-9-2012) തീരുമാനമായതുപ്രകാരം രൂപതയിൽ സ്ഥാപിതമായിരിക്കുന്ന പിതൃസംഘത്തിന് ഒരു നിയമാവലി രൂപീകരിക്കാൻ ബ. ഡൊമിനിക്ക് ഐപ്പൻപറമ്പിലച്ചനെയും ബ. ജോർജ്ജ് തുരുത്തിപ്പള്ളി അച്ചനെയും ചുമതലപ്പെടുത്തി. ഇതിന്റെ കരട് രൂപം അടുത്ത പ്രസ്ബിറ്ററൽ കൗൺസിലിൽ ചർച്ചയ്ക്കായി സമർപ്പിക്കണമെന്ന് തീരുമാനിച്ചു.

നവംബർ 28 മുതൽ 30 വരെ നടക്കുന്ന വൈദികരുടെ ത്രൈമാസ സമ്മേളനത്തിൽ തിരുപ്പട്ട സ്വീകരണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബ. സെബാസ്റ്റ്യൻ കടമ്പാട്ടുപറമ്പിലച്ചനെയും ബ. ജോസ് തെക്കേക്കര അച്ചനെയും സിൽവർ ജൂബിലി ആഘോഷിക്കുന്ന ബ. ജോൺ മൈലംവേലി അച്ചനെയും ബ. വർഗ്ഗീസ് പുത്തനങ്ങാടി അച്ചനെയും ബ. ആന്റോ അരിക്കാട്ട് അച്ചനെയും ആദരിക്കുവാൻ തീരുമാനിച്ചു. മതാദ്ധ്യാപകരുടെ ഉല്ലാസയാത്രയും കൈക്കാരന്മാരെയും ഉൾപ്പെടുത്തുന്നത് നല്ലതാണെന്ന് പിതാവ് ഓർമ്മപ്പെടുത്തി. വേദപാഠം പഠിപ്പിക്കുന്ന ബ. സിസ്റ്റേഴ്സ് ഏതു രൂപതയിലായിരുന്നാലും 25 വർഷം തികഞ്ഞിട്ടുണ്ടെങ്കിൽ അവരും സമ്മാ





നത്തിന് അർഹരായി പരിഗണിക്കപ്പെടും. ആയുർ പാലനയുടെ അടുത്ത് പണിതുകൊണ്ടിരിക്കുന്ന വൈദികവിശ്രമമന്ദിരത്തിന് ഇടവകയിൽനിന്നും വ്യക്തികളിൽനിന്നും സാമ്പത്തിക സഹായം ലഭിക്കുവാൻ ബ. വൈദികർ ശ്രമിക്കണമെന്ന് പിതാവ് സൂചിപ്പിച്ചു. ഉച്ചക്ക് 1.15ന് പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

സെക്രട്ടറി
**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**

## DIOCESAN DAY COLLECTION 2012

### PARISHES

| | | |
|---|---|---|
| Agali | Fathima Matha Church | 8000 |
| Alathur | Little Flower Church | 8000 |
| Baleswaram | Infant Jesus Church | 3110 |
| Chandranagar | Divine Providence Church | 20000 |
| Chittadi (Marianagar) | St. Mary Church | 7850 |
| Chittadi (Mary Land) | St. Joseph Church | 3900 |
| Chittillancherry | Japamala Rani Church | 3000 |
| Josegiri | St. Joseph Church | 2000 |
| Kadambur | St. Francis of Assisi Church | 10340 |
| Kadapara | St. Mary Church | 3755 |
| Kalla | St. Paul Church | 2000 |
| Kallekad | Fathima Matha Church | 4001 |
| Kallepully | St. Mary's Church | 7200 |
| Kanjikode | Good Shepherd Church | 25000 |
| Kanjiraphuzha | St. Thomas Forane Church | 42000 |
| Karapadam | St. Joseph Church | 20000 |
| Kodunthirappully | Vimalahridaya | 3765 |
| Koduvayur | St. Thomas Church | 1100 |
| Kollengode | St. Joseph's Church | 2500 |
| Kottathara | St. Alphonsa Church | 1500 |
| Mangalam Dam | St. Xavier Church | 11035 |
| Mannarkkad | Holy Spirit Forane Church | 42500 |
| Melarkode | St. Antony's Forane Church | 9000 |
| Mylampully | St. Mary Church | 15001 |
| Neethipuram | St. Joseph Church | 5000 |
| Nemmara | Christ the King Church | 13000 |

| | | |
|---|---|---|
| Niravu | Holy Family Church | 2250 |
| Njarakode | St. Sebastian Church | 2000 |
| Olavakode | St. Joseph Forane Church | 37000 |
| Ottapalam | St. Joseph Forane Church | 10000 |
| Palakkad | St. Raphael's Cathedral Church | 40000 |
| Palakkad Town | Nithyasahaya Matha Church | 15000 |
| Palappuram | St. Mary Church | 2500 |
| Palliyara | St. Mary's Church | 1500 |
| Paruthikkad | St. Antony's Church | 2000 |
| Pazhampalakode | Santhinatha Church | 2500 |
| Pombra | St. Antony Church | 5680 |
| Ponnamkode | St. Antony Church | 35000 |
| Rajagiri | Scared Heart Church | 36501 |
| Shornur | St. Agnes Church | 5000 |
| Thathamangalam | St. Mary Church | 6000 |
| Thavalam | Holy Trinity Forane Church | 20000 |
| Vachanagiri | St. George Church | 6000 |
| Vadakkencherry | Lourde Matha Forane Church | 50000 |
| Vayaloor | Infant Jesus Church | 4000 |
| Walayar | St. Antony Church | 760 |
| | Total | 5,58,248 |

## CONVENTS

| | | |
|---|---|---|
| Alathur | Holy Family Convent | 300 |
| Arogiapuram | Arogiamatha Convent | 200 |
| Chemannampathy | St. Clare's Convent | 200 |
| Chittady | Bethelehem Convent | 400 |
| Chittady | Anugraha Bhavan | 250 |
| Chittur | Adoration Convent | 300 |
| Dhoni | Amala Bhavan | 500 |
| Elavampadam | St. Agnes Convent | 300 |
| Jellippara | Sneha Bhavan | 300 |
| Jellippara | Mount Carmel | 500 |
| Kannadi | Palana CMC Convent | 1000 |
| Karapadam | St. Joseph Convent | 500 |
| Karavampady | Adoration Convent | 300 |





| | | |
|---|---|---|
| Kinassery | Rosary Convent | 200 |
| Malampuzha | Adoration Convent | 300 |
| Mangalam Dam | St. Peter's Convent | 500 |
| Mangalam Dam | St. John's Convent | 250 |
| Mangalam Dam | Sanjoe Convent | 200 |
| Mankurissi | St. Maria Gorethi Convent | 300 |
| Mathukkad | Adoration Convent | 500 |
| Mundur | Vimal Rani Convent | 2000 |
| Neethipuram | St. Alphonsa Bhavan | 300 |
| Nelliyampathy | St. Mary's Convent | 300 |
| Nemmara | Nirmala Bhavan | 150 |
| Ottapalam | St. Joseph's Convent | 200 |
| Ottapalam | St. Joseph EMHS | 300 |
| Palakkad | Sanjoe Convent | 250 |
| Palakkad | Adoration Convent | 300 |
| Palakkad | Jai Christo Provincial House | 2000 |
| Palakkad | Mercy Convent | 4000 |
| Palakkad | Kanikkamatha Convent | 1000 |
| Palakkad | Seraphic Provincial House | 3000 |
| Palakkad | Jayamatha Convent | 1000 |
| Palakkayam | Carmal Bhavan | 500 |
| Palakkuzhi | Deepthi Bhavan | 300 |
| Pattambi | St. Paul's Convent | 250 |
| Pattambi | St. Paul's EMHS | 1000 |
| Polpully | St. Francis Convent | 300 |
| Polpully | Seraphic Novitiate House | 300 |
| Ponkandam | Santhom Convent | 250 |
| Pothundy | CSC Convent | 100 |
| Thachanady | Charity Convent | 150 |
| Vachanagiri | Assisi Bhavan | 300 |
| Vadakkencherry | Cherupuzhapalayam | 1000 |
| Valliyode | Adoration Convent | 250 |
| | Total | 26,800 |
| | **Grand Total** | **5,85,048** |

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 28-Nov-12 | WED | Rev. Fr. Kalapurakkal Joseph |
| 29-Nov-12 | THU | Rev. Fr. Vipin Chacko Elikkot CST |
| 30-Nov-12 | FRI | Rev. Fr. Joju Chiriyankandath CMI |
| 1-Dec-12 | SAT | Rev. Fr. Kallingal Joseph |
| 3-Dec-12 | MON | Rev. Fr. Kalluvelil Jose |
| 4-Dec-12 | TUE | Rev. Fr. Kanjirathinkal Renny |
| 5-Dec-12 | WED | Rev. Fr. Kannampuzha Jose |
| 6-Dec-12 | THU | Rev. Fr. Karikkattil Ceejo |
| 7-Dec-12 | FRI | Rev. Fr. Kizhakkedath Roy |
| 8-Dec-12 | SAT | Rev. Fr. Kizhakkedath Thom |
| 10-Dec-12 | MON | Rev. Fr. Kochuparambil Jose |
| 11-Dec-12 | TUE | Rev. Fr. Kochupurackal Peter |
| 12-Dec-12 | WED | Rev. Fr. Kodakasseril Jomis |
| 13-Dec-12 | THU | Rev. Fr. Kolamkanny Justin |
| 14-Dec-12 | FRI | Rev.Fr. Kozhipadan Tony |
| 15-Dec-12 | SAT | Rev. Fr. Kulampallil Thomas |
| 17-Dec-12 | MON | Rev. Fr. Kuruthukulngara Peter |
| 18-Dec-12 | TUE | Rev. Fr. Kuttipuzhakaran Sanil |
| 19-Dec-12 | WED | Rev. Fr. Malekudiyil Sherjo |
| 20-Dec-12 | THU | Rev. Fr. Maliekal George |
| 21-Dec-12 | FRI | Rev. Fr. Mangalan Sebastian |
| 22-Dec-12 | SAT | Rev. Fr. Maramattam Xavier |
| 26-Dec-12 | WED | Rev. Fr. Mavarayil Shijo |
| 27-Dec-12 | THU | Rev. Fr. Mavunkal Jacob |
| 28-Dec-12 | FRI | Rev. Fr. Mechery Anson |
| 29-Dec-12 | SAT | Rev. Fr. Murickananickal Santhosh |
| 31-Dec-12 | MON | Rev. Fr. Muringakudiyil Biju |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**





## വിശ്വാസപരിശീലനവേദി

**email: catechismpalghat@gmail.com, website: www.catechismpalghat.org**

**കയ്യെഴുത്ത് മാസികാമത്സരം**

V മുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 9 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി 2 രചനകൾ എങ്കിലും ഉണ്ടായിരിക്കണം.100 പേജിൽ കവിയാനും 75 പേജിൽ കുറയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജിൽ ഒന്നും എഴുതാതിരിക്കാൻ ശ്രദ്ധിക്കണം. 2012 ഡിസംബർ 1-ാം തിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. ഫെറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടയിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ രചനകൾ എഴുതാം. ഫൊറോനയിൽ നിന്നും ഒന്നാം സ്ഥാനത്തെത്തുന്ന ഒരു മാസിക മാത്രമെ രൂപതയിലേക്ക് അയയ്ക്കേണ്ടതുള്ളൂ.

**രണ്ടാം മിഡ്ടേം പരീക്ഷ**

സൺഡേസ്കൂൾ കുട്ടികളുടെ രണ്ടാം മിഡ്ടേം പരീക്ഷ ഡിസംബർ 2-ാം തിയതി ഞായറാഴ്ച നടക്കുന്നു.

**മതബോധന കൗൺസിൽ മീറ്റിംഗ്**

രൂപതമതബോധന കൗൺസിൽ മീറ്റിംഗ് ഡിസംബർ 22-ാം തിയതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് ഒരു മണിവരെയാണ് മീറ്റിംഗ്.കൗൺസിൽ അംഗങ്ങളെല്ലാവരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**മതാദ്ധ്യാപകദിനം 2012**

ഒക്ടോബർ രണ്ടാം തിയതി മതാദ്ധ്യാപക ദിനം രൂപതാ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രൂപതാ മതബോധന ഡയറക്ടർ റവ. ഫാ. ജോമിസ് കൊടകശ്ശേരിയിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. താവളം ഫൊറോന വികാരി വെരി. റവ. ഫാ. ഗിൽബർട്ട് എട്ടൊന്നിൽ മതാദ്ധ്യാപക ദിനാഘോഷം ഉദ്ഘാടനം ചെയ്തു.'യേശു നാമം ഏക രക്ഷാനാമം' എന്ന വിഷയത്തെ ആസ്പദമാക്കി സെഹിയോൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. സേവ്യർഖാൻ വട്ടായിൽ മുഖ്യപ്രഭാഷണം നടത്തി. രൂപതാ മതബോധനകൗൺസിൽ സെക്രട്ടറി ശ്രീ. സി.എം മാത്യു നന്ദി പറഞ്ഞു. അഭിവന്ദ്യ പിതാവും രൂപത മതബോധന ഡയറക്ടറും ഫൊറോന ഡയറക്ടേഴ്സും ചേർന്ന് ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യപിതാവ് ദിവ്യബലി മദ്ധ്യേ

മതാദ്ധ്യാപകർക്ക് സന്ദേശം നൽകുകയും സമാപന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. രൂപതാ മതബോധന അസി. ഡയറക്ടർ റവ. ഫാ. ജോമി തേക്കുംകാട്ടിൽ സ്വാഗതം ആശംസിക്കുകയും രൂപതാമത ബോധന കൗൺസിൽ അംഗം ശ്രീമതി കൊച്ചുത്രേസ്യ കുരിയാക്കോസ് നന്ദി അർപ്പിക്കുകയും ചെയ്തു.

35, 25, 15 വർഷങ്ങൾ പൂർത്തിയാക്കിയ മതാദ്ധ്യാപകർക്ക് സമാപനസമ്മേളനത്തിൽ വച്ച് ഉപഹാരങ്ങൾ നൽകി ആദരിച്ചു.2012 ലെ സ്കൊളാസ്റ്റിക് ടെസ്റ്റിലെ രൂപത, ഫൊറോന വിജയികൾക്കും 2012 ൽ മതാദ്ധ്യാപകർക്കായി നടത്തിയ സാഹിത്യ മത്സര വിജയികൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. കവിതാരചനയിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കിയ ശ്രീമതി സെലിൻ ടോം കവിതാ പാരായണം നടത്തി. രൂപതയിലെ എല്ലാ വൈദികർക്കും മതാദ്ധ്യാപകർക്കും അഭിവന്ദ്യ പിതാവിന്റെ ഉപഹാരം നൽകപ്പെട്ടു. പൗരോഹിത്യത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന ആന്റോ അരിക്കാട്ടച്ചന് ഉപഹാരം നൽകി ആദരിച്ചു. മതാദ്ധ്യാപദിനാഘോഷങ്ങൾ മനോഹരമാക്കാൻ പരിശ്രമിച്ച എല്ലാവർക്കും പ്രത്യേകിച്ച് ബഹു. വികാരിയച്ചന്മാർക്കും,രൂപതാ കൗൺസിൽ അംഗങ്ങൾക്കും വിവിധ കമ്മിറ്റിയിൽ പ്രവർത്തിച്ചവർക്കും, പ്രധാനാദ്ധ്യാപകർക്കും, എല്ലാ മതാദ്ധ്യാപകർക്കും കലാവിരുന്നൊരുക്കിയ പൊന്നംകോട് ഫൊറോനയ്ക്കും രംഗപൂജ അവതരിപ്പിച്ച മംഗലംഡാം ഫൊറോനയ്ക്കും പാപ്പ ഗാനം ആലപിച്ച വടക്കഞ്ചേരി ഫൊറോനയ്ക്കും ആത്മാർത്ഥമായി നന്ദി പറയുന്നു. മതാദ്ധ്യാപകദിനാഘോഷത്തിൽ 1300 അദ്ധ്യാപകർ പങ്കെടുത്തു.

**അദ്ധ്യാപകരുടെ ക്വിസ് മത്സരം**

നവംബർ 24ന് നടത്താനിരുന്ന അദ്ധ്യാപകരുടെ രൂപതാതല ക്വിസ് ലോഗോസ് സംസ്ഥാനതല മത്സരം അന്നേദിവസം ആയതിനാൽ ഡിസംബർ 1 ശനിയാഴ്ചയിലേക്ക് മാറ്റി ക്രമീകരിച്ചിരിക്കുന്നു. രൂപതാ തലത്തിൽ ഓഡിയോവിഷ്വൽ കൂടി ഉൾപ്പെടുത്തിയുള്ള പരീക്ഷയായിരിക്കും. ഫൊറോനയിൽനിന്നും ഒന്നും രണ്ടും സ്ഥാനം ലഭിച്ച ടീമുകൾക്കാണ് രൂപതയിൽ പങ്കെടുക്കാൻ അവസരമുള്ളത്. മത്സരത്തിനുള്ളവർ രാവിലെ 9.30ന് പാസ്റ്ററൽ സെന്ററിൽ എത്തിച്ചേരണ്ടത്. രജിസ്ട്രേഷൻ ഫീസ് ഒരു ടീമിന് 75രൂപയാണ്.

